# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6867 10.07.2014 - ൽ മറുപടിക്ക്

## പൈപ്പ്ലൈനുകളിൽ നിന്നുള്ള ജലമോഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകളിൽ നിന്ന് ജല മോഷണം നടക്കുന്നതായുള്ള എത്ര പരാതികളാണ് 2013 , 2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകളിൽ നിന്ന് ജലമോഷണം നടക്കുന്നതായി 965 പരാതികളാണ് 2013,2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്. |
| (ബി) ജലമോഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (ബി) ജലമോഷണം തടയുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡും, നൈറ്റ് സ്ക്വാഡും നിലവിലുണ്ട്. ജലമോഷണം നടത്തുന്നത് ശിക്ഷാർഹമാണ് എന്ന് മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ബോധവൽക്കരണം നൽകി വരുന്നു. ജലമോഷണം കണ്ടുപിടിച്ചാൽ നിയമപ്രകാരം പിഴ ഈടാക്കുന്നു. പൊതുടാപ്പ് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കൗൺസിലറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ടാപ്പ് കട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ഹോസുകൾ പിടിച്ചെടുക്കുകയും ചെയ്യാറുണ്ട്. |
| (സി) ജലമോഷണം നടത്തിയതിന് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) ജലമോഷണം നടത്തിയതിന് 31 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

4